# അനുപമം ഈ ദാനം

കൊച്ചി: വിറയ്ക്കുന്ന വിരലുകളാൽ മനു ആദ്യമെഴുതിയത് തന്റെ ദൈവത്തിനുള്ള നന്ദിയാണ്. 'താങ്ക്യൂ ബിനോയ്...' വെള്ളക്കടലാസിൽ വടിവില്ലാത്ത അക്ഷരത്തിൽ കോറിയിട്ട ആ വാക്കുകൾക്ക് മനുവിന്റെ ഹൃദയത്തോളം ആഴമുണ്ട്.

'നന്ദിയുണ്ട്... ഒത്തിരി ആളുകളോട്. ബിനോയ്, അദ്ദേഹത്തിന്റെ കുടുംബം, ഡോക്ടർമാർ... അങ്ങനെ ഏറെപ്പേർ. മറ്റൊരാളുടെ നഷ്ടമാണല്ലോ എനിക്ക് നേട്ടമായതെന്നോർക്കുമ്പോൾ സന്തോഷത്തിനൊപ്പം സങ്കടവുമുണ്ട്. ദൈവഹിതമായിരിക്കാം എല്ലാം...' ചുറ്റും നിരന്നവർക്ക് നേരെ കൈകൂപ്പി മനു പറഞ്ഞുതുടങ്ങി.



ഇടപ്പള്ളി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ ഡോക്ടർമാർക്കൊപ്പം കൈപ്പത്തി മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയനായ മനു പത്രസമ്മേളനത്തിൽ.

രാജ്യം ശ്രദ്ധിച്ച കൈപ്പത്തി മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് മനു വിധേയനായിട്ട് ഒരു മാസം തികഞ്ഞിട്ടില്ല. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ ജനവരി 13നായിരുന്നു ശസ്ത്രക്രിയ. അപകടത്തിൽ മരിച്ച ബിനോയിയുടെ കൈപ്പത്തിയാണ് മനുവിന് തുന്നിച്ചേർത്തത്. അങ്ങനെ ഇന്ത്യയിലെ ആദ്യത്തെ കൈപ്പത്തി മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് അമൃത ആസ്പത്രി വേദിയായി.

സർജറിക്ക് ശേഷം രണ്ടാംദിവസം മുതൽ മനു കൈ അനക്കിത്തുടങ്ങി. ഇപ്പോൾ ഗ്ലാസ് പിടിച്ച് സ്വയം വെള്ളം കുടിക്കാനാകും. സ്പൂൺ ഉപയോഗിച്ച് ഭക്ഷണവും കഴിക്കാം. എന്നാൽ സ്പർശനശേഷി പൂർണമായും ലഭിച്ചിട്ടില്ല. അതിനാൽ മറ്റ് വസ്തുക്കളിൽ കൈ തൊടുന്നത് അറിയാനാകില്ല. കണ്ണറിഞ്ഞാണ് ഗ്ലാസ്സും പേനയുമെല്ലാം പിടിക്കുന്നത്. കൈകൾക്ക് എല്ലാ ശേഷിയും ലഭിക്കാൻ ഒരു വർഷത്തോളം ചികിത്സ വേണ്ടിവരും. ഫിസിയോതെറാപ്പി തുടരുന്നുണ്ട്. ആസ്പത്രിയിൽ തന്നെ താമസിച്ചാണ് ചികിത്സ.

ചികിത്സ കഴിഞ്ഞിറങ്ങിയാൽ ആദ്യം ബിനോയിയുടെ വീട്ടിലേക്കായിരിക്കും തന്റെ യാത്രയെന്ന് മനു പറഞ്ഞു. 'ബിനോയിയുടെ കുടുംബത്തെ കണ്ട് നന്ദി പറയണം. പിന്നെ അമൃതാനന്ദമയിയെ കാണാനും പോകണം.' മനുവിന്റെ ചികിത്സാച്ചെലവ് മുഴുവൻ വഹിക്കുന്നത് മാതാ അമൃതാനന്ദമയി മഠമാണ്.

ഒരു ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പിൽ സൂപ്പർവൈസറായിരുന്നു മനു. അപകടശേഷം ജോലിക്ക് പോകാനായിട്ടില്ല. കൈ ശരിയായശേഷം വീണ്ടും ഇതേ ജോലിയിൽ തുടരാനാണ് ആഗ്രഹം.

ട്രെയിനിൽ ഒരു സ്ത്രീക്കെതിരെയുണ്ടായ അതിക്രമം ചോദ്യം ചെയ്തതാണ് തൊടുപുഴ സ്വദേശിയായ മനുവിന് കൈപ്പത്തി നഷ്ടമാക്കിയത്. അക്രമികൾ കൊല്ലാനായി ട്രെയിനിൽനിന്ന് തള്ളിയിട്ടു. ചക്രത്തിനടിയിൽ പെട്ട് രണ്ട് കൈപ്പത്തികളും അറ്റു. നാല് വർഷമായി ചികിത്സയിലായിരുന്നു. കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിങ്ങിൽ കൈപ്പത്തി മാറ്റിവയ്ക്കലിനായി മനു പേര് രജിസ്റ്റർ ചെയ്തിരുന്നു.

കഴിഞ്ഞ 11നുണ്ടായ ബൈക്ക് അപകടത്തിലാണ് വരാപ്പുഴ ഒളിപ്പറമ്പിൽ ഉത്തമന്റെ മകൻ ബിനോയ് മരിച്ചത്. കണ്ണിനും കരളിനും വൃക്കയ്ക്കുമൊപ്പം കൈപ്പത്തിയും ദാനം ചെയ്യാൻ വീട്ടുകാർ തയ്യാറായി. രക്തഗ്രൂപ്പും മറ്റും ഒത്തുവന്നതോടെ മനുവിന് ബിനോയിയുടെ കൈ തുന്നിപ്പിടിപ്പിക്കാൻ തീരുമാനിച്ചു.